# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2537 09/07/2015 ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, ടി.എൻ. പ്രതാപൻ<br>,, വി.ഡി.സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ സ്കൂളുകളിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും 'സമ്പൂർണ' എന്ന പേരിൽ ഒരു ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്ക് സ്കൂൾ കുട്ടികളുടെ വിശദാംശങ്ങൾ കൃത്യതയോടെയും വേഗത്തിലും ലഭ്യമാക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾക്ക് ഡാറ്റ പൊതുവായി ഉപയോഗിക്കുന്നതിനും സൗകര്യ മൊരുക്കുകയാണ് ഈ പദ്ധതികൊണ്ട് പ്രധാനമായി ലക്ഷ്യമിടുന്നത്. |
| സി) വിദ്യാർത്ഥികളുടെ എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) സ്കൂളുകളിൽ സൂക്ഷിക്കുന്ന അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങളും വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മേളകൾ, കലോത്സവങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങളുമാണ് സമ്പൂർണയിലൂടെ ശേഖരിക്കുന്നത്. ഒരു കുട്ടി സ്കൂളിൽ അഡ്മിഷൻ നേടുന്നതു മുതൽ സ്കൂളിൽ നിന്നും വിട്ടുപോകുന്നതു വരെയുള്ള പ്രവർത്തനങ്ങളും പരീക്ഷ, പ്രോഗ്രസ് റിപ്പോർട്ട്, ക്ലാസ് പ്രമോഷൻ, വിടുതൽ സർട്ടിഫിക്കറ്റ് (റ്റി.സി) തുടങ്ങിയ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് സൗകര്യമൊരു ക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ